ചില പദ്ധതികളൊക്കെ ആസൂത്രണം ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് ചില പ്രശ്നങ്ങളുണ്ട്. ഒന്നുകിൽ കുഴൽക്കിണർ അല്ലെങ്കിൽ നദികളാണ്. വാട്ടർ അതോറിറ്റിക്ക് ജലത്തിന്റെ സോഴ്സ് നദികൾ വഴിയാകുമ്പോൾ തീർച്ചയായിട്ടും മഴക്കാലത്ത് തടയണ കെട്ടാത്തതുകൊണ്ട്, നദികളുടെ സംരക്ഷണം അനിവാര്യമാണ്. കഴിഞ്ഞ 10 വർഷത്തോളമായി നമുക്ക് നദികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളില്ല. നേരത്തെ കേന്ദ്ര ഗവൺമെന്റ് തന്നിരുന്ന തുകയുടെ ഒരു ഭാഗം ഉപയോഗിച്ചാണ് നദികളെ സംരക്ഷിച്ചിരുന്നത്. ഇപ്പോൾ അതിനുള്ള ഫണ്ട് നമുക്കില്ല. അതുകൊണ്ട് അതിനു കഴിയുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നദികളുടെ സംരക്ഷണത്തിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. ആ പ്രോജക്ടിന് വേൾഡ് ബാങ്കിൽ നിന്നും രണ്ടുകോടിരൂപ നദികളുടെ സംരക്ഷണത്തിന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു മാസത്തിനകം തന്നെ പ്രോജക്ട് തയ്യാറാക്കി വേൾഡ് ബാങ്കിന് സമർപ്പിക്കുന്നതാണ്. അതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടന്നു കഴിഞ്ഞു. നദികളുടെ സംരക്ഷണത്തിലൂടെ ജലസമ്പത്ത് വർദ്ധിപ്പിക്കാം. നദികൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

സ്വയം തൊഴിൽ കണ്ടെത്താൻ പദ്ധതികൾ

4 (*334) ശ്രീ. എ. കണ്ാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി ഭാസ്കരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഡിപ്പാർട്ടുമെന്റ് മുഖേനയോ കോർപ്പറേഷൻ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ ധനസഹായം നൽകുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി എന്ത് തുകവരെ വായ്പ നൽകുമെന്നും വായ്പയുടെ എത്ര ശതമാനംവരെയാണ് സബ്സിഡി നൽകുന്നത് എന്നും അറിയിക്കുമോ ;

(ഡി) ഡ്രൈവിംഗ് ലൈസൻസുള്ള പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് പറയാമോ ;

(ഇ) തൊഴിൽരഹിതരായ പട്ടികജാതി വനിതകളുടെ ആഭിമുഖ്യത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടിക ജാതിക്കാർക്ക് പലിശ രഹിത വായ്പ, കുടിൽ വ്യവസായ ശൃംഖല എന്നീ പദ്ധതികളും പട്ടികവർഗ്ഗക്കാർക്ക് ചെറുകിട വ്യവസായമോ, തൊഴിലോ ചെയ്യുന്നതിന് 10,000 രൂപാവരെ പലിശ രഹിത,വായ്പയും നൽകുന്നു. ഇതു കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നേരിട്ടും ദേശീയ പട്ടികജാതി പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവ മുഖേനയും പലവിധ പദ്ധതികളും സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ എന്ന പദ്ധതിയും ഈ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്നുണ്ട്.

(ബി) ഇതിൽ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ പദ്ധതി ഗ്രാമവികസന വകുപ്പും കുടിൽ വ്യവസായ ശൃംഖലാ പദ്ധതി, പലിശരഹിത വ്യവസായ വായ്പാ പദ്ധതി എന്നിവ പട്ടികജാതി വകുപ്പും, സ്വയം തൊഴിലിന് പലിശരഹിത വായ്പാ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പിലാക്കി വരുന്നു. ചെറുകിട വ്യവസായ മേഖലയിൽ പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പ്രത്യേക ഘടക പദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകളും, സ്വയം തൊഴിൽ സംരംഭങ്ങളും തുടങ്ങുന്നതിന് വ്യവസായ വാണിജ്യവകുപ്പു വഴി വായ്പയും, ഗ്രാന്റും നൽകുന്നുണ്ട്. കൂടാതെ ബാങ്കുകൾ വഴി മാർജിൻമണി ഡെപ്പോസിറ്റ് സ്കീമിൽ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് വായ്പയും സബ്സിഡിയും നൽകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി കാർഷിക മേഖലയിലും ചെറുകിട വ്യാവസായിക മേഖലയിലും സർവ്വീസ് മേഖലയിലും വിവിധ സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്. കോർപ്പറേഷൻ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(സി) സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ പദ്ധതിയിൽ പ്രോജക്ട് റിപ്പോർട്ടിന്റെ യൂണിറ്റ് കോസ്റ്റിനനുസൃതമായാണ് വായ്പ നൽകുന്നത്. സബ്സിഡി പരമാവധി 10,000 രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനമായിരിക്കും. കുടിൽ വ്യവസായ ശൃംഖല പദ്ധതിയിൽ പരമാവധി വായ്പ വ്യക്തികൾക്ക് 2,50,000 രൂപ വരെ വരുന്ന പ്രോജക്ടിന്റെ 75 ശതമാനവും സബ്സിഡി പരമാവധി 50,000 രൂപ അല്ലെങ്കിൽ പദ്ധതി അടങ്കലിന്റെ തുകയിൽ 20 ശതമാനം ഏതാണോ കുറവ് ആ തുക സബ്സിഡിയായും ഗ്രൂപ്പടിസ്ഥാനത്തിലുള്ള സംരംഭകർക്ക് പദ്ധതി അടങ്കലിന്റെ 20 ശതമാനമോ ഗ്രൂപ്പിലെ ഓരോ അംഗത്തിനുമുള്ള 25,000 രൂപ ഇവയിൽ ഏതാണോ കുറവ് എന്ന കണക്കിലും സബ്സിഡി നൽകി വരുന്നു. പ്രത്യേക ഘടകപദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പരമാവധി 50,000 രൂപ വായ്പയായി നൽകുന്നു. സബ്സിഡി വിവിധതരം വ്യവസായങ്ങൾക്ക് 20 ശതമാനം മുതൽ 50 ശതമാനം വരെ നിജപ്പെടുത്തിയിരിക്കുന്നു. ദേശീയ പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സഹായത്തോടുകൂടി സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് പരമാവധി 30 ലക്ഷം രൂപ വായ്പ നൽകും. കോർപ്പറേഷൻ ബാങ്കു വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് 2.50 ലക്ഷം രൂപയും വായ്പ നൽകും. പരമാവധി 6000 രൂപയാണ് സബ്സിഡി എങ്കിലും കൃഷിഭൂമി വായ്പ പദ്ധതിക്ക് 50,000 രൂപ സബ്സിഡി നൽകുന്നു.

(ഡി) വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ ലഭിക്കുവാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ വിജ്ഞാപനപ്രകാരമുള്ള അർഹതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

(ഇ&എഫ്) പ്രത്യേക ഘടകപദ്ധതി ഗിരിവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് സഹകരണവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹായം നൽകുന്നുണ്ട്. മാത്രമല്ല, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ 10 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽസൗകര്യം ഉണ്ടാക്കാൻ വേണ്ടി നിരവധി പദ്ധതികൾ നിലവിലുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അതേസമയം വായ്പ ലഭിക്കുന്നതിന് അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. വായ്പ ലഭിക്കുന്നതിനു അപേക്ഷകർ വസ്തു ജാമ്യമോ ഉദ്യോഗസ്ഥ ജാമ്യമോ നൽകണമെന്ന് അനുശാസിക്കുന്നു. ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : വായ്പ ലഭിക്കുന്നതിനുവേണ്ടിയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ബാങ്കുമായിട്ട് നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ കുറെയൊക്കെ കിട്ടുന്നുണ്ട്. പൂർണ്ണമായി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. വസ്തു ജാമ്യമോ അല്ലെങ്കിൽ ഉദ്യോഗസ്ഥ ജാമ്യമോ നൽകേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതിൽ മാറ്റം വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

ശ്രീ. എ. അലി ഹസ്സൻ : ഡ്രൈവിംഗ് പരിശീലനം കഴിഞ്ഞവർക്ക് പട്ടികജാതി വികസന കോർപ്പറേഷൻ മുഖേനയല്ലാതെ ബാങ്കുകൾ മുഖേനയോ ഖാദിബോർഡ് മുഖേനയോ സഹകരണ ബാങ്കുകൾ മുഖേനയോ ലോൺ കൊടുക്കുന്നതിനു വ്യവസ്ഥയുണ്ടാക്കാൻ കഴിയുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : മറ്റു ബാങ്കുകളും ഇപ്പോൾ സഹായം നൽകുന്നുണ്ട്. എസ്.സി/എസ്.ടി കോർപ്പറേഷനാണ് കൂടുതൽ വാഹന വായ്പാ സഹായം നൽകിവരുന്നത്.

ശ്രീ. പി. വിശ്വൻ : തൊഴിൽരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് നിരവധി മേഖലകളിലൂടെ വായ്പ കൊടുക്കുന്നുണ്ട്. പശുക്കളെ വളർത്താൻ, കച്ചവടത്തിന് തുടങ്ങിയ നിരവധി പദ്ധതികളുണ്ട്. അതിനു ചെലവാക്കുന്ന പണം ഈ മേഖലയിൽ ഇതുമായി ബന്ധപ്പെട്ടവർക്ക് ഭൗതിക വളർച്ചയുണ്ടെന്ന് ഉറപ്പു വരുത്താനുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്താനും ഇതിനെ കുറ്റമറ്റതാക്കാനുമുള്ള സംവിധാനം സർക്കാരിനുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : എസ്.സി/എസ്.ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് എല്ലാ വർഷവും മോണിറ്ററിംഗ് നടത്താനുള്ള സംവിധാനമുണ്ട്. ഇപ്പോൾ ത്രിതലപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് മോണിറ്ററിംഗ് നടന്നുവരുന്നുണ്ട്.

ശ്രീ. പി. വിശ്വൻ : ഓട്ടോറിക്ഷ, ടെമ്പോ, ജീപ്പ് തുടങ്ങിയ വാഹനങ്ങൾക്കു വേണ്ടി ഡ്രൈവിംഗ് ലൈസൻസ് ഉള്ള ആപ്ലിക്കന്റ്സ് മാക്സിമമാണ്. നിരവധി പേർ അപേക്ഷ കൊടുത്തിട്ടുണ്ട്. അർഹതപ്പെട്ടവരുണ്ട്. എന്നാൽ അതിനനുവദിക്കുന്ന ഫണ്ട് വളരെ ചെറിയ ശതമാനമായതുകൊണ്ട് ആപ്ലിക്കന്റ്സിന്റെ ചെറിയൊരു ശതമാനത്തിനു മാത്രമേ ഈ ആനുകൂല്യം കൊടുക്കാൻ കഴിയുന്നുള്ളു. അതുകൊണ്ട് അപേക്ഷിച്ച അർഹതയുള്ള മാക്സിമം ആളുകൾക്ക് ഇതിന്റെ ആനുകൂല്യം കിട്ടാൻ, ഇന്നുള്ള ഫണ്ട് വർദ്ധിപ്പിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : മിക്ക വാഹനവായ്പാ പദ്ധതികളും തകർച്ചയിലാണെന്നാണ് മോണിട്ടറിംഗ് നടത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് വാഹന വായ്പാ പദ്ധതിയിൽ ഇപ്പോൾ കുറവു വരുത്തിയിട്ടുണ്ട്. മറ്റു മേഖലകൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ഡിപ്പാർട്ടുമെന്റുകൾ സഹായം നൽകുന്നുണ്ട് എന്ന് പറഞ്ഞു. ഗ്രാമവികസനവകുപ്പ്, പട്ടികജാതി വികസനവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, വ്യവസായ വകുപ്പ്, പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ സഹായം കൊടുക്കുന്നുണ്ട്. ഇങ്ങനെ കൊടുക്കുന്ന പണം ഉപയോഗിച്ച് വ്യവസായം തുടങ്ങിയാൽ, അതുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ കണ്ടെത്തിയാൽ അതു പരിപോഷിപ്പിക്കപ്പെടാനുള്ള ഭൗതികസാഹചര്യം പിന്നീട് അവർക്കു കിട്ടുന്നില്ല. പണം വാങ്ങി, എന്തെങ്കിലും തുടങ്ങി പിന്നീട് അതു നിലച്ചുപോകുകയോ മറ്റേതെങ്കിലും കാരണവശാൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തതു കൊണ്ടോ ഈ സഹായം കിട്ടിയിട്ടുള്ള ബഹുഭൂരിപക്ഷം യൂണിറ്റുകളും പ്രവർത്തനക്ഷമമല്ല. അതു പരിശോധിച്ച് അവരെ വീണ്ടും ഉയർത്തിക്കൊണ്ട് വരാൻ കഴിയുന്ന വിധത്തിൽ വായ്പ കൊടുക്കുന്ന എല്ലാ ഏജൻസികളും ചേർന്ന് ഒരു സംവിധാനമുണ്ടാക്കണം. ഈ മേഖലയ്ക്ക് നൽകിയിട്ടുള്ള പണം വ്യക്തിപരമായി ഓരോരുത്തരുടെയും കൈകളിൽ കൊടുത്തിരുന്നുവെങ്കിൽ അതിന്റെ പലിശ കൊണ്ട് സുഭിക്ഷമായി ജീവിക്കാൻ കഴിയുമായിരുന്നു. പക്ഷേ ഈ രംഗത്ത് ഇന്ന് വലിയ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതു പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : വിവിധ സ്കീമുകളിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ

മാറ്റങ്ങളൊക്കെ ആ മേഖലയിൽ വരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇവർക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ പലതും വേണ്ടരീതിയിലല്ലെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു ശരിയാണ്. പരിഹാരം കാണാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : അനുബന്ധമായി ചേർത്തിട്ടുള്ള 32 ഇനങ്ങളിൽ ഉള്ള പദ്ധതികളെ സംബന്ധിച്ച് ഇവിടെ പറയുന്നുണ്ട്. ഇതിൽ പലതും കാലഹരണപ്പെട്ടതും മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തതുമാണ്. അതുകൊണ്ട് ഈ സ്കീമുകൾ, കാലഘട്ടത്തിനനുസൃതമായ വിധത്തിൽ ആകർഷമാക്കാൻ കഴിയുന്ന സ്കീമുകൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : നമ്മുടെ കാലഘട്ടത്തിനനുസൃതമായി ഈ സ്ക്കീമുകളിൽ മാറ്റം വരുത്താൻവേണ്ടിയാണ് ശ്രമിക്കുന്നത്. മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു കൊടുക്കുന്ന വായ്പകൾക്ക് പലിശ വളരെ കുറവാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മറ്റു സമുദായങ്ങളിൽപ്പെട്ട പലരും ഇവരുടെ പേരിൽ വായ്പയെടുത്ത് ഇതു ദുരുപയോഗപ്പെടുത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഫലപ്രദമായി തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം പ്രസക്തമാണ്. ബിനാമി ഇടപാടുകൾ നിലനിൽക്കുന്നുവെന്നു മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പല ആളുകളേയും പിടിച്ചിട്ടുമുണ്ട്. അതിപ്പോൾ കുറഞ്ഞുവരുന്നുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന പരിപാടികളിൽ പട്ടികജാതി വിഭാഗം ചില പരിപാടികളുമായി മുന്നോട്ടു വന്നിട്ടുണ്ട്. പക്ഷേ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ പണിയ വിഭാഗമാണ് ഏറ്റവും കൂടുതലുള്ളത്. ആ വിഭാഗത്തിൽപ്പെട്ടവരെ ചികിത്സയ്ക്കുവേണ്ടി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്താൽ ആശുപത്രി വിടുന്നതോടുകൂടി മരുന്നും ഉപേക്ഷിക്കപ്പെടുന്നു. അവരോട് സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിപാടിയുമായിട്ട് മുന്നോട്ടു പോകണമെന്ന് പറഞ്ഞാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രാവർത്തികമാകുന്നതല്ല. അവർക്ക് തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭിക്കുന്നതിനും വേണ്ടിയുള്ള ബോധപൂർവമായ സ്കീം നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : അവർക്ക് തൊഴിൽ പരിശീലനം കൊടുക്കാൻ വേണ്ടിയുള്ള ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയാണ്. കേരളാ ആട്ടോമൊബൈൽസ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ്, ആട്ടോകാസ്റ്റ് എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല രീതിയിലുള്ള തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : നിരവധി പദ്ധതികളിലൂടെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ബാങ്കുകൾ വഴി ലഭിക്കുന്ന വായ്പാ തുക ആകെ എത്ര വരുമെന്ന് ജനസംഖ്യാനുപാതികമായി ജില്ല തിരിച്ചും കണക്കുണ്ടാക്കി. അത് അവർക്ക് നീതി ലഭിക്കത്തക്ക രീതിയിലാണോയെന്നു പരിശോധിക്കുകയും അതിന്റെ കോപ്പി നിയമസഭാംഗങ്ങൾക്കും നൽകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : അങ്ങനെയൊരു പരിശോധന ഇതുവരെ നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

ശ്രീ. ജി. സുധാകരൻ : സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട മേഖലയായിട്ടുള്ള വാണിജ്യ വ്യാപാര രംഗങ്ങളിൽ കാര്യമായ പ്രവർത്തനം നടത്തുന്നതിനു പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നാളിതുവരെ കഴിയാത്ത സാഹചര്യത്തിൽ കാര്യമായ ധനസഹായം നൽകി. ഈ രംഗത്ത് അവരെ പിടിച്ചുനിർത്താൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ വാണിജ്യ രംഗത്തും വ്യവസായരംഗത്തും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ തീരെയില്ലെന്നു തന്നെ പറയാം. അതുകൊണ്ട് അവരെ വാണിജ്യരംഗത്തേക്കും വ്യവസായ രംഗത്തേക്കും കൂടുതലായി കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. മണി : പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ ലോൺ വാങ്ങി ഇൻഡസ്ട്രി നടത്തുകയാണ്. ചില ഫുഡ് പ്രോഡക്ട്സ് പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ ഉൽപ്പാദിപ്പിക്കുമ്പോൾ മാർക്കറ്റിൽ അത് മൂവ് ചെയ്യുന്നില്ല. അതുകൊണ്ടു തന്നെ ലോൺ വാങ്ങിയ ആളുകൾക്ക് അത് തിരികെ അടയ്ക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകുന്നു. ഇതു പോലുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും മറ്റു വിഭാഗത്തിൽപ്പെട്ടവരും കൂടി ഒരു ജോയിന്റ് വെൻച്വറായി ഇൻഡസ്ട്രി മൂവ് ചെയ്യുകയാണെങ്കിൽ ഇവർ ഉൽപ്പാദിപ്പിക്കുന്ന സാധനം മാർക്കറ്റിൽ പോവുകയും ലാഭം കിട്ടുകയും ലോൺ വാങ്ങിയ ആളുകൾക്ക് അത് തിരികെ അടയ്ക്കാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്യും. അത്തരം സ്കീമുകൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ചില സ്ഥലത്തൊക്കെ ജോയിന്റ് വെൻച്വർ ആരംഭിച്ചിട്ടുണ്ട്. പലപ്പോഴും ജോയിന്റ് വെൻച്വർ ആരംഭിക്കുകയും അവസാനം എസ്.സി/എസ്.ടി വിഭാഗക്കാർ ഇല്ലാതാകുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് അത് പരിശോധിച്ചതിനുശേഷം ചെയ്യേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[7-3-2000 -ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3(*334) കാണുക]

1. കൃഷിഭൂമി വായ്പാ പദ്ധതി
2. പ്രൊഫഷണൽ സർവ്വീസ്/ഡിസ്മണി പദ്ധതി
3. മാർജിൻമണി ഡെപ്പോസിറ്റ് പദ്ധതി
4. മാർജിൻമണി ലോൺ സ്കീം
5. സ്കാവഞ്ചർ പുനരധിവാസ പദ്ധതി
6. പശുവളർത്തൽ പദ്ധതി
7. ആടുവളർത്തൽ പദ്ധതി
8. മൊപ്പെക്ക് ഉപയോഗിച്ച് മൽസ്യ കച്ചവടം
9. സഞ്ചരിക്കുന്ന തുണി വിൽപ്പന യൂണിറ്റ്
10. ഫോട്ടോ കോപ്പിയർ
11. പന്നി വളർത്തൽ
12. റെഡിമെയ്ഡ് ഗാർമെന്റ്സ്
13. ടെയിലറിംഗ് യൂണിറ്റ്
14. സഞ്ചരിക്കുന്ന പച്ചക്കറി സ്റ്റാൾ
15. ട്രാൻസ്പോർട്ട് സ്കീം - ഓട്ടോറിക്ഷ, പിക്അപ് വാൻ, ടെംമ്പോ, ജീപ്പ്, എൽ. സി. വി. ഗുഡ്സ്, ട്രാക്ടർ, പവർടില്ലർ.
16. വ്യക്തിഗത പദ്ധതികൾ
17. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വായ്പ
18. വിദ്യാഭ്യാസ വായ്പാ പദ്ധതി
19. വിദേശ തൊഴിൽ വായ്പാ പദ്ധതികൾ
20. ഹെയർ ഡ്രസിംഗ് യൂണിറ്റ്
21. കൂൾബാർ, മിനി ഹോട്ടൽ
22. തട്ടുകട
23. എസ്. ടി. ഡി. ബൂത്ത്
24. വീഡിയോ ക്യാമറ
25. ഫ്ളോർ പോളിവിംഗ് യൂണിറ്റ്
26. ലാറ്ററേറ്റ് സ്റ്റോർ കരിയിംഗ് യൂണിറ്റ്
27. മൊബൈൽ ഡയേണിംഗ് യൂണിറ്റ്
28. കോൺക്രീറ്റ് ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ്
29. ബെനിഫിഷറി ഓറിയന്റ്സ് സ്കീം
30. പങ്കൽ നിർമ്മാണ ധനസഹായം
31. കാളവണ്ടി
32. പരിശീലന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly